(ഇ) ഇക്കാര്യത്തിൽ സർക്കാർ എടുത്തിട്ടുള്ള തീരുമാനം വ്യക്തമാക്കാമോ?

(എഫ്) ഈ സർവ്വകലാശാല സ്ഥാപിക്കുകയാണെങ്കിൽ കേന്ദ്രത്തിൽ നിന്ന് എന്തെല്ലാം സഹായങ്ങൾ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ജി) വരുന്ന വർഷം തന്നെ ഈ സർവ്വകലാശാല നടപ്പിലാക്കാൻ ഗവൺമെൻറ് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്)

(എ) നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചു. നിയമനിർമ്മാണമുൾപ്പെടെയുള്ള അനന്തര നടപടികൾ എടുക്കുന്നുണ്ട്.

(ബി) റിപ്പോർട്ട് 1986 മേയ് 14-ാം തിയതി ലഭിച്ചു.

(സി) പരിഗണിച്ചു

(ഡി) പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(ഇ) കാലടിയിൽ സംസ്കൃത സർവ്വകലാശാല സ്ഥാപിക്കുവാൻ തീരുമാനിച്ചു.

(എഫ്) സർവ്വകലാശാലകൾക്ക് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷനിൽ നിന്നും ലഭിക്കുന്ന ധനസഹായം കൂടാതെ കേന്ദ്രവിദ്യാഭ്യാസ വകുപ്പിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നുണ്ട് ;

(ജി) നടപടികളെടുത്തുവരുന്നു.

കടലാക്രമണം

* 33 [33] ശ്രീ. പി. ടി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷകാലത്തെ കടലാക്രമണംമൂലം കേരളത്തിലുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ?

(ബി) തുടർച്ചയായി കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞവർഷം കേന്ദ്രഗവൺമെൻറ് പ്രത്യേകമായി എന്തെങ്കിലും സഹായം നൽകുകയുണ്ടായോ;

(ഡി) എങ്കിൽ എത്രകോടി രൂപ നൽകി എന്ന് വ്യക്തമാക്കാമോ ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കഴിഞ്ഞ വർഷകാലത്തെ (1985) കടലാക്രമണംമൂലം 16 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) തുടർച്ചയായി കടലാക്രമണം ഉണ്ടാകുന്ന പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനായി മുൻഗണന അനുസരിച്ചും പണത്തിൻറെ ലഭ്യതയനുസരിച്ചും കടൽഭിത്തികൾ നിർമ്മിക്കുന്നുണ്ട്.

(സി & ഡി) കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കായി കേന്ദ്രഗവൺമെൻറിൽനിന്നും പ്രത്യേകമായി രണ്ടുകോടി രൂപ കിട്ടിയിട്ടുണ്ട്. ഇത് കാലവർഷക്കെടുതികൾ മൂലമുണ്ടായ കേടുപാടുകൾ തീർക്കുന്നതിനാണ്.

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly